പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1551 14.07.2016 – ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. എ.എൻ.ഷംസീർ | ഡോ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

## ധനകാര്യ അസ്ഥിരത

| | | |
|---|---|---|
| എ | മുൻ സർക്കാരിന്റെ കാലത്തുണ്ടായ ധനകാര്യ അസ്ഥിരതയുടെ വ്യാപ്തി വിശദമാക്കാമോ; | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.<br>എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി - ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയിലധികം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 6302 കോടിയിലധികം രൂപ വരും. 2010-11 ൽ മൂലധന ചെലവ് ആകെ സർക്കാർ ചെലവിന്റെ 10.64 ശതമാനമായിരുന്നത് 2014-15 ൽ 6.51 ശതമാനമായി താഴ്ന്നു. വായ്പയെടുക്കുന്ന പണത്തിന്റെ 60-70 ശതമാനം ദൈനംദിന ചെലവിന് വിനിയോഗിക്കേണ്ട അവസ്ഥയുണ്ടായി.<br>പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2016-2017 — ലെ റവന്യൂ കമ്മി 13,066.25 കോടി രൂപയാണ്. 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന വായ്പയുടെ സിംഹഭാഗവും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. വരും വർഷങ്ങളിൽ ശംബള പരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കേണ്ടിവരുമ്പോൾ റവന്യൂ കമ്മി 20,000 കോടി രൂപയിൽ അധികമായി ഉയരും. |
| ബി | പ്രസ്തുത ധനകാര്യ അസ്ഥിരത സംസ്ഥാന സമ്പദ്ഘടനയിൽ ഉളവാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | |

| | | |
|---|---|---|
| സി | ഇത്ര തരണം ചെയ്യാനുള്ള ഹ്രസ്വകാല, ദീർഘകാല പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും. ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധനചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ സാമ്പത്തിക മാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. 1999 ലെ കിഫ്ബി ആക്ട് പരിഷ്കരിച്ച് കൊണ്ട് സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സജ്ജമാക്കും. ഇതുവഴി വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു.<br>പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനു വേണ്ടി 50,000 - 1,00,000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനവകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് ഫോർക്കാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ് മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സഹായിക്കും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ